# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 750** — **30.06.2015- ൽ മറുപടി.**

## മെഡിക്കൽ കോളേജുകളിലെ അവശ്യ തസ്തികകൾ

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യു

(എ) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും, മെഡിക്കൽ കൗൺസിലിന്റെ നോംസ് അനുസരിച്ചുള്ള ആവശ്യമായ തസ്തികകൾ എത്രയാണ്;

(ബി) സർക്കാർ സൃഷ്ടിച്ച സ്ഥിരം തസ്തികകൾ എത്രയാണെന്നും എത്ര തസ്തികകളിൽ ഇനിയും സ്ഥിരമായ നിയമനം നടത്താൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ; നിലവിലുണ്ടായിരുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിന്നും എത്ര തസ്തികകൾ പുതുതായി സ്ഥാപിക്കപ്പെട്ട മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിക്കൊടുത്തിട്ടുണ്ട്;

(സി) പുതിയ ഏതെങ്കിലും മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണതോതിൽ നിലവിൽ വന്നിട്ടുണ്ടോ;

(ഡി) പുതിയ മെഡിക്കൽ കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കാനാവശ്യമായി വരുന്ന തുക സംബന്ധിച്ച് വിശദമാക്കുമോ; ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയാണ്?

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) & (ബി) പുതുതായി ആരംഭിച്ച മഞ്ചേരി, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനപ്രകാരം ആവശ്യമുള്ള തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. നിലവിലുണ്ടായിരുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലേക്ക് 28 തസ്തികകളും മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലേക്ക് 9 തസ്തികകളും മാറ്റി ഉത്തരവായിട്ടുണ്ട്.

(സി) സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണതോതിലാക്കാനുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.

(ഡി) പുതിയ മെഡിക്കൽ കോളേജുകൾക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിവരം താഴെ ചേർക്കുന്നു.

1. ഇടുക്കി മെഡിക്കൽ കോളേജ്- 350 ലക്ഷം.
2. കാസർഗോഡ് മെഡിക്കൽ കോളേജ്- 350 ലക്ഷം
3. കോന്നി മെഡിക്കൽ കോളേജ്- 550 ലക്ഷം
4. മഞ്ചേരി മെഡിക്കൽ കോളേജ് - 450 ലക്ഷം
5. വയനാട് മെഡിക്കൽ കോളേജ്- 350 ലക്ഷം
6. പുതിയ തിരുവനന്തപുരം മെഡിക്കൽ കോളേജ്- 550 ലക്ഷം.

സെക്ഷൻ ഓഫീസർ